## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. 139

22.03.2013 - ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, സി.പി. മുഹമ്മദ്<br>,, എ.റ്റി. ജോർജ്<br>,, ഷാഫി പറമ്പിൽ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) 24/8/2011ലെ സ.ഉ. (കൈ) നമ്പർ:260/2011/ പൊ.ഭ.വ പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ച് ഉത്തരവായി. |
| (ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ ;<br>(സി) എന്തെല്ലാം ക്ഷേമപദ്ധതികളാണ് പ്രസ്തുത കോർപ്പറേഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (ബി) യും (സി) യും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ നൽകുക, ടി വിഭാഗത്തിന്റെ സമഗ്രമായ വികസന പ്രവർത്തനങ്ങൾക്കായി ഇതര രീതിയിലുള്ള ധനസഹായം നൽകുക, ഇവർക്കിടയിലെ സ്വയംസഹായ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുക, ബഹുമുഖ പരിശീലന പദ്ധതികൾ പോഷിപ്പിക്കുക തുടങ്ങിയവയാണ് പ്രസ്തുത കോർപ്പറേഷൻ വിഭാവനം ചെയ്യുന്നത്. കൂടാതെ ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന കൂടുതൽ സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കാൻ കഴിയും. |
| (ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനാവശ്യമായ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ സർക്കാർ അംഗീകരിക്കുകയും ഒരു മാനേജിംഗ് ഡയറക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ 80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ